*__'CORRUPTION, A CRIME AGAINST NATION'__*

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393

തീയതി:23.01.2018

# അഴിമതിക്കേസിൽ മുൻ വില്ലേജ് അസിസ്റ്റന്റിനെ കോടതി ശിക്ഷിച്ചു.

അഴിമതിക്കേസിലെ പ്രതി കുറ്റക്കാരനാണെന്നു കണ്ടു കോടതി ശിക്ഷിച്ചു.കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജ് ഓഫീസിലെ വില്ലേജ് അസ്സിസ്റ്റന്റായിരുന്ന അയിര സ്വദേശി നെൽസനെയാണ് പണം തിരിമറി നടത്തിയ കേസിൽ കുറ്റക്കാരനാണെന്ന് കണ്ടു 4 വർഷം കഠിന തടവിനും 80000 /-രൂപ പിഴ ഒടുക്കുന്നതിനും കോടതി ശിക്ഷ വിധിച്ചത്.തിരുവനന്തപുരം വിജിലൻസ് കോടതിയാണ് പ്രതിയെ ശിക്ഷിച്ചത് . പ്രതി 2005-2006 കാലഘട്ടത്തിൽ വില്ലേജ് അസിസ്റ്റന്റായിരിക്കെ റവന്യു കളക്ഷൻ ഇനത്തിൽ പിരിച്ചെടുത്ത 47000 /-രൂപ ക്രമക്കേടു നടത്തി തട്ടിയെടുത്ത അഴിമതിക്കേസിലാണ് കോടതി ശിക്ഷിച്ചത് .വിജിലൻസ് ദക്ഷിണാ മേഖല DYSP ആയിരുന്ന ശ്രീ.റജി ജേക്കബ് ആണ് കേസ് അന്വേഷിച്ചു കുറ്റപത്രം സമർപ്പിച്ചത്.പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് നിയമ ഉപദേഷ്ടാവായ ശ്രീ.ബിജുമനോഹർ ഹാജരായി.പ്രതിയെ തിരുവനന്തപുരം സെന്റർ ജയിലിലേക്ക് മാറ്റി.